## ഇടമലക്കുടി സമഗ്രവികസനത്തിന് സത്വര നടപടികൾ സ്വീകരിക്കും: മുഖ്യമന്ത്രി

സംസ്ഥാനത്തെ ഏക പട്ടികവർഗ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്ര വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 2012-13, 2013-14 കാലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച ഇടമലക്കുടി പാക്കേജ് ലക്ഷ്യം കാണുകയോ, പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 250 വീടുകൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ആകെ 103 വീട് മാത്രമാണ് പൂർത്തീകരിക്കാനായത്. 14 കി.മീ റോഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ നടപ്പിലായില്ല. പാക്കേജിന്റെ ഭാഗമായി 12.5 കോടി വകയിരുത്തിയെങ്കിലും ഏകദേശം നാല് കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഇടമലക്കുടി പഞ്ചായത്തിൽ തന്നെ പഞ്ചായത്ത് ആസ്ഥാനം പണികഴിപ്പിക്കാൻ യോഗത്തിൽ തീരുമാനമായി. സൊസൈറ്റിക്കടുത്ത് പ്രാദേശിക ആരോഗ്യ കേന്ദ്രവും ജീവനക്കാർക്കുള്ള ക്വാർട്ടേർസും സ്ഥിരം മെഡിക്കൽ സംവിധാനവും ഏർപ്പെടുത്തും. ഭവന നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വേണ്ടി വിദ്യാസമ്പന്നരായ തദ്ദേശീയരായ മുതുവാൻ വിഭാഗത്തിൽപ്പെട്ടവരെ ടീച്ചർമാരായി നിയമിക്കും. എം.ആർ.എസ് മാതൃകയിൽ റസിഡൻഷ്യൽ പഠന സമ്പ്രദായം ആവിഷ്കരിക്കും. കുടിവെള്ളത്തിന് തദ്ദേശീയമായ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തിയും ചെക്ക് ഡാം പണിതും പദ്ധതികൾ നടപ്പിലാക്കും. കല്ല് പാകിയുള്ള പാത നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും. പാരമ്പര്യമായ കൃഷി രീതികൾ ചെയ്യുന്നതിന് ആവശ്യാമായ പ്രോത്സാഹനം നൽകും. കാർഷിക ഉത്പന്നങ്ങളുടെ ഇടത്തട്ട് ചൂഷണം അവസാനിപ്പിക്കാൻ ബദൽ സംവിധാനം

ഏർപ്പെടുത്തും. എല്ലാ കുടിലുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. റേഷൻ സംവിധാനം മെച്ചപ്പെടുത്തും. ദേവികുളം സബ് കളക്ടറെ ഇടമലക്കുടി പാക്കേജിന്റെ പദ്ധതി നിർവഹണത്തിന് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് മന്ത്രി എ.കെ. ബാലൻ, വനം വകുപ്പ് മന്ത്രി കെ. രാജു, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി. രവീന്ദ്രനാഥ്, ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ, ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, എ.ഡി.ജി.പി ബി.സന്ധ്യ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു. പി.എൻ.എക്സ്.997/17